## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1250 04/12/2014-ൽ മറുപടിയ്ക്ക്

### ചെല്ലഞ്ചി പാലം, ഏറ്റെടുത്ത ഭൂമിക്ക് ന്യായവില

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) | |
| (എ) | ചെല്ലഞ്ചി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ലാന്റ് അക്വിസിഷൻ നടപടികൾ ഏതുവരെയായെന്ന് വിശദമാക്കുമോ; | (എ) | 26-08-2014-ലെ സ.ഉ(സാധാ) 4158/14/റവ നമ്പർ ഉത്തരവ് പ്രകാരം സ്ഥലവില അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം അവാർഡ് എൻക്വയറി നടത്തിക്കഴിഞ്ഞു. സമ്മത പത്രം നൽകിയ കക്ഷികൾക്കും അല്ലാത്തവർക്കും നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അവാർഡ് തുക നൽകുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിന് അർത്ഥനാധികാരിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതിനായി ഏറ്റെടുത്ത ഭൂമിക്ക് ന്യായവില ഉടമസ്ഥർക്ക് നൽകുന്നതിന് എന്തു തടസ്സമാണ് നിലനിൽക്കുന്നതെന്ന് വിശദീകരിക്കുമോ; | (ബി) & (സി) | അർത്ഥനാധികാരിയായ പൊതുമരാമത്ത് വകുപ്പ് കക്ഷികൾക്ക് നൽകാനുള്ള തുക നൽകിയാൽ മാത്രമേ അവാർഡ് പാസ്സാക്കുവാൻ കഴിയുകയുള്ളൂ. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | നഷ്ടപരിഹാരത്തുക എന്നത്തേയ്ക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | | |

സെക്ഷൻ ഓഫീസർ.